"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ സ്കീം 2024-25 - കോഴിക്കോട് ജില്ലയിലെ "ശിവപുരം വില്ലേജ് ഓഫീസിന്റെ കുഴൽ കിണർ, ചുറ്റുമതിൽ നിർമ്മാണം" എന്ന പ്രവൃത്തിയുടെ പേര് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.398/2026/RD തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:- 1. 27.03.2025 തീയതിയിലെ സ.ഉ.(സാധാ)നം.758/2025/RD നമ്പർ ഉത്തരവ്.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 06.01.2026 തീയതിയിലെ LR/8656/2024-LR(M5) നമ്പർ കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ ശിവപുരം വില്ലേജ് ഓഫീസിന്റെ കുഴൽ കിണർ, ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിക്ക് പരാമർശം-1 പ്രകാരം 5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ, ടി പ്രവൃത്തി നിർവഹിക്കുന്നതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ തെരഞ്ഞെടുത്തിട്ടുള്ളതാണെന്നും എന്നാൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സൈറ്റ് സന്ദർശിച്ചതിൽ സ്ഥലപരിമിതി കാരണം ചുറ്റുമതിൽ നിർമ്മിക്കുക എന്നത് പ്രയോഗികമല്ലാത്തതിനാൽ കോൺക്രീറ്റ് സ്ലാബ് കൊണ്ടുള്ള 'സ്നേഹമതിൽ' നിർമ്മിക്കുന്നതിനാണ് ശിപാർശ ചെയ്യാൻ ഉദ്ദേശിച്ചിരുന്നതെന്നും, എന്നാൽ 2024-25 സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീം റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ കോമ്പൗണ്ട് വാൾ എന്ന് തെറ്റായി റിപ്പോർട്ട് ചെയ്തിരുന്നുവെന്നും, പ്രസ്തുത വീഴ്ച്ച മാപ്പാക്കണമെന്നും 2024-25 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 'ശിവപുരം വില്ലേജ് ഓഫീസിന്റെ കുഴൽ കിണർ, ചുറ്റുമതിൽ നിർമ്മാണം' എന്ന പ്രവൃത്തിക്ക് അനുവദിച്ച 5 ലക്ഷം രൂപയുടെ ഭരണാനുമതിയും ഫണ്ടും, ടി വില്ലേജ് ഓഫീസിന്റെ 'സ്നേഹമതിൽ, കുഴൽ കിണർ, വാട്ടർ ടാങ്കിലേക്കുള്ള സ്റ്റെയർ നിർമ്മാണം' എന്നീ പ്രവൃത്തികൾക്ക് മാറ്റി അനുവദിക്കണമെന്നും കോഴിക്കോട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 2-ലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ എന്ന പദ്ധതിയിലെ നവീകരണം/അറ്റകുറ്റപ്പണി എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി 5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കോഴിക്കോട് ജില്ലയിലെ "ശിവപുരം വില്ലേജ് ഓഫീസിന്റെ കുഴൽ കിണർ, ചുറ്റുമതിൽ നിർമ്മാണം" എന്ന

പ്രവൃത്തിയുടെ പേര് "ശിവപുരം വില്ലേജ് ഓഫീസിന്റെ സ്നേഹമതിൽ, കുഴൽ കിണർ, വാട്ടർ ടാങ്കിലേക്കുള്ള സ്റ്റെയർ നിർമ്മാണം" എന്ന് പുനർനാമകരണം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba V R

Date: 19-02-2026 11:23:48

സെക്ഷൻ ഓഫീസർ